15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729 | 12-09-2023 - ൽ മറുപടിയ്ക്ക്

## മൂല്യ വർദ്ധിത കൃഷി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മൂല്യ വർദ്ധിത കൃഷിമിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **കാർഷിക ഉല്പന്നങ്ങളെ മൂല്യവർധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുന്നതിനും കാർഷികോത്പാദനക്ഷമത വർധിപ്പിക്കുന്നതിനും ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന /നിർമ്മാണ പ്രക്രിയകൾ, വിപണനം, സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർദ്ധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും, ബ്രാൻഡ് വികസിപ്പിക്കുന്നതിനും അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിങ് വർക് ഷോപ്പുകൾ എന്നിവ നടത്തി മൂല്യനിർണയത്തെ പിന്തുണക്കുന്നതിനുമായിരിക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര-അന്തർദേശീയ വ്യാപാരവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.** |
| (ബി) | മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **മൂല്യവർദ്ധിത കൃഷി മിഷന്റെ നയങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മൂല്യവർദ്ധിത മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 1200 ൽ അധികം കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ നടത്തുവാൻ തയ്യാറായി വരുന്നു. കർഷകർ, എഫ്.പി.ഒ.-കൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ "കേരളാഗ്രോ" ബ്രാൻഡിൽ വിപണനത്തിനായി** |

| | | | |
|---|---|---|---|
| | | | **എത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 07-08-2023 തീയതിയിലെ സ.ഉ.(കൈ) നമ്പർ 71/2023/AGRI പ്രകാരം കേരളാ അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ "വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് അടിസ്ഥാനത്തിൽ എഫ്.പി.ഒ.-കൾക്ക് / എഫ്.ഐ.ജി.-കൾക്ക് അഗ്രോ പ്രൊസസിംഗിനുള്ള യന്ത്രങ്ങൾ SMAM പദ്ധതിയിലൂടെ നൽകുന്നതിന് 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.** |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ കാർഷിക വിഭവമായ പൊക്കാളി നെല്ലിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കൃഷിമിഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ